ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) തീരുമാനമെടുത്തതായ അറിയിപ്പൊന്നും ഇതുവരെ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ചെലവ് ചുരുക്കലിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ചോദ്യം (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ്

12 (*72) ശ്രീ. സെബാസ്റ്റ്യൻപോൾ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. ദാസൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവുമൂലം സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതിനയം സംസ്ഥാനത്തെ കാർഷികമേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇറക്കുമതിയെ തുടർന്നു ഓരോ ഇനം കൃഷിക്കും കാർഷികോൽപന്നങ്ങൾക്കുമുണ്ടായിട്ടുള്ള തകർച്ചകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) ഓരോ ഇനം കാർഷിക ഉൽപ്പന്നങ്ങൾക്കും ഇറക്കുമതിയെ തുടർന്നുണ്ടായിട്ടുള്ള വിലയിടിവും ഇതുമൂലം ഓരോ ഇനത്തിലുമുണ്ടായ നഷ്ടം എത്ര വീതമെന്ന് വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുമോ ;

(ഇ) ഇറക്കുമതി തീരുവ കുറച്ചു കാർഷികോൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർ ഇറക്കുമതി ചെയ്യുന്നത് മൂലം സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും വില തകർച്ച നേരിടുകയും ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കാർഷികോല്പന്നങ്ങളെ വിലയിടിവിൽ നിന്നും രക്ഷിക്കാൻ ഈയിടെ പ്രധാനമന്ത്രി കേരളത്തിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചു കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിവുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് കമ്പോള വിലയേക്കാൾ കിലോക്ക് 50 പൈസ അധികം നൽകിയും, സംഭരണ ഏജൻസികൾക്ക് കൈകാര്യ ചെലവിനത്തിൽ കിലോക്ക് 50 പൈസ നൽകിയും സംഭരിക്കുന്ന റബ്ബർ കയറ്റുമതി ചെയ്യാനും കയറ്റുമതി ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ നികത്തിക്കൊടുക്കുവാനും തീരുമാനിച്ചു. എസ്.ടി.സി. സംഭരിക്കുന്ന റബ്ബർ വാങ്ങൽ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇപ്പോൾ കയറ്റുമതി ചെയ്യുന്ന 15000 ടൺ റബ്ബറിനു പുറമേ 25000 മെ.ടൺ ക്രമ്പ് റബ്ബറും 25000 മെ.ടൺ ഷീറ്റു റബ്ബറും കയറ്റുമതി ചെയ്യാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സിന്തറ്റിക് റബ്ബർ ഉൽപ്പാദിപ്പിക്കുവാൻ ആവശ്യമായ പോളി യൂറിത്തേൻ എന്ന രാസവസ്തു ഇറക്കുമതി ചെയ്യുന്നത് നിയന്ത്രിക്കണമെന്നും, റബ്ബറിന്റെ ബഞ്ചുമാർക്ക് വില ഉയർത്തണമെന്നും എസ്.ടി.സി. മുഖേന റബ്ബർ കയറ്റി അയയ്ക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരത്തിന്റെ വിലയിടിവു തടയുന്നതിന് 2000- വിളവെടുപ്പുകാലത്ത് കിന്റലിന് 3250 രൂപ താങ്ങുവിലയ്ക്ക് 80,000 ടൺ കൊപ്ര സംഭരിക്കുകയും. 2001 വിളവെടുപ്പുകാലത്തേക്ക് മില്ലിംഗ് കൊപ്രയ്ക്ക് കിന്റലിന് 4600 രൂപ താങ്ങുവില പ്രഖ്യാപിക്കണമെന്നും പാമോലിൻ ഇറക്കുമതി നിരോധിക്കുന്നതിന് ഇറക്കുമതി ചുങ്കം 300 ശതമാനം ആക്കുവാനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) കേരളത്തിലെ കാർഷിക വിളകൾക്ക് സാരമായ വിലയിടിവ് നേരിട്ടിട്ടുണ്ട്.

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്. †

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) കേന്ദ്ര സർക്കാരിൽ നിന്നും വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

(ജി) കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിവില്ല.

പെർഫോമൻസ് ഓഡിറ്റ്

13 (*73) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണവകുപ്പിൽ പെർഫോമൻസ് ഓഡിറ്റ് നിലവിൽ വന്നോ ; എങ്കിൽ എപ്പോൾ ;

(ബി) ഈ ആവശ്യാർത്ഥം എത്ര ജീവനക്കാരുടെ സേവനം വിട്ട് കൊടുത്തിട്ടുണ്ട് എന്നും അവരെ ഏതെല്ലാം ആഫീസുകളിൽ നിന്നും വിട്ടു കൊടുത്തു എന്നും വ്യക്തമാക്കാമോ ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- II

12 (*72) - ാം നമ്പർ ചോദ്യം കാണുക.

കേരളത്തിലെ പ്രധാന നാണ്യ വിളകളുടെ വിലയിടിവുമൂലം ഉണ്ടാവുന്ന വാർഷിക നഷ്ടം

ഇനം	ഉൽപ്പാദനം (മെട്രിക് ടൺ)	1995-മുതലുള്ള ഉയർന്ന മാസവില (ക്വിന്റലിന്)	2000 ഡിസംബറിലെ വില(ക്വിന്റലിന്)	വ്യത്യാസം	നഷ്ടം (കോടി രൂപ)
(1)	(2)	(3)	(4)	(5)	(6)
നാളികേരം	600 (കോടി എണ്ണം)	693/100 എണ്ണത്തിന്	200/100 എണ്ണത്തിന്	493	2958
റബ്ബർ	5,72,820	52/കി. ഗ്രാമിന്	27/കി. ഗ്രാമിന്	25	1432
കുരുമുളക്	64,335	22,367	11,570	10,797	695
അടയ്ക്ക	92,481	12,542	2,551	9,991	924
കാപ്പി	61,150	9,720	3,370	6,350	388
തേയില	68,373	7,747	5,147	2,600	178
ഏലം	5,295	59,300	46,000	13,300	70
			ആകെ		6,645

(ആറായിരത്തി അറുന്നൂറ്റി നാൽപത്തിയഞ്ച് രൂപ)

മേൽ കാണിച്ചിരിക്കുന്ന പ്രധാന നാണ്യവിളകളുടെ വിലവ്യത്യാസം കണക്കാക്കുവാൻ ആധാരമാക്കിയിട്ടുള്ളത് കഴിഞ്ഞ 5 വർഷത്തിനുള്ളിലെ ഉയർന്ന മാസവിലയും 2000 ഡിസംബറിലെ വിലയും ആണ്.

അനുബന്ധം- III

14(*74)-ാം നമ്പർ ചോദ്യം കാണുക.

സംയോജിത ഗ്രാമവികസന പരിപാടി പ്രകാരം1,67,613 ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായധനം നൽകി.

ഇന്ദിരാ ആവാസ് യോജനയിലൂടെ 86.916 ഭവനരഹിതരായ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകി.

LIBRARY ARCHIVES Kerala Legislative Assembly